**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 983** **10-08-2023 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ ജണ്ട നിർമാണത്തിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2022 ഓഗസ്റ്റ് 27- ന് മലയാള മനോരമ ദിനപത്രത്തിൽ ജണ്ട ക്രമക്കേട് കീഴ് ജീവനക്കാരെ മാത്രം കുടുക്കാൻ നീക്കം എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടി പത്രവാർത്തക്ക് മുൻപ്പ തന്നെ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വനം വിജിലൻസ് വിഭാഗം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ ടീം രൂപീകരിച്ച് ജണ്ട നിർമ്മാണത്തിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിലെ ഉദ്യോഗസ്ഥരുടെ വീഴ്ച സംബന്ധിച്ചും അന്വേഷണം ആരംഭിച്ചിരുന്നു. |
| (ബി) | 2019-20 & 2020-21 വർഷങ്ങളിൽ വനാതിർത്തി വേർതിരിക്കൽ പദ്ധതി നടപ്പാക്കിയതിലെ ക്രമക്കേടുകൾക്ക് ജണ്ട നിർമ്മാണ പദ്ധതിയുടെ ചുമതല വഹിക്കുന്ന പി.സി.സി.എഫ്. അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർക്ക് യാതൊരു ഉത്തരവാദിത്വവും ഇല്ലെന്ന് അന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഓരോ കേസിലും ആരെയൊക്കെ ഉത്തരവാദിയായി അന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | (ബി) | 2019-2020, 2020-21 വർഷങ്ങളിൽ വനാതിർത്തി വേർതിരിക്കൽ പദ്ധതിയിലെ ജണ്ട നിർമ്മാണവുമായുള്ള ക്രമക്കേടുകൾക്ക് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് പങ്കുള്ളതായി നാളിതുവരെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. എന്നാൽ പാലോട് റെയിഞ്ചിലെ പെരിങ്ങമല സെക്ഷനിലെ ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾക്ക് കുറ്റക്കാരായി കണ്ടെത്തിയ ശ്രീ.ബി.അജിത്കുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.ആർ.ബി. അരുൺകുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർ ഉത്തരവാദികളാണെന്ന് വനം വകുപ്പ് വിജിലൻസ് വിഭാഗം കണ്ടെത്തുകയും, അച്ചടക്ക നടപടി കൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് തുടർ അന്വേഷണം പൂർത്തീകരിച്ചാൽ മാത്രമേ മറ്റ് ജീവനക്കാർക്ക് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുവാൻ കഴിയൂ. |
| (സി) | 2019-20 & 2020-21 വർഷങ്ങളിലെ ജണ്ട നിർമ്മാണ പ്രവൃത്തികളിന്മേൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് കേരള ഫോറസ്റ്റ് കോഡ് അനുശാസിക്കും പ്രകാരം ഉത്തരവാദികളായ എല്ലാ ഉദ്യോഗസ്ഥർക്കെതിരെയും അച്ചടക്ക നടപടിക്കായി അന്വേഷണ സംഘം ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; | (സി) | ഉണ്ട് |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ കാരണം സഹിതമുള്ള വിവരങ്ങൾ വിശദീകരിക്കാമോ; | | |
| (ഡി) | പ്രസ്തുത കാലത്ത് വിവിധ വന മേഖലകളിൽ നടന്ന ജണ്ട നിർമ്മാണ പ്രവൃത്തികളിന്മേൽ കണ്ടെത്തിയ എല്ലാ ക്രമക്കേടുകൾക്കും ഒരേ നിലപാടാണോ വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്നും ഏതെങ്കിലും കേസിൽ വ്യത്യസ്ത നിലപാട് സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കാമോ? | (ഡി) | ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ അപാകതകളിന്മേൽ ഒരേ നിലപാട് തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ